"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26 – മറയൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 2022 ന് ധനസഹായം അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.168/2026/Co-Op തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-

1. സഹകരണ സംഘം രജിസ്ട്രാറുടെ 03/09/2025 ലെ പി&എം എ (1)/5785/2025,നം.കത്ത്.
2. സഹകരണ സംഘം രജിസ്ട്രാറുടെ പി&എംഎ (5) 11335/2024 നം കുറിപ്പ്
3. 25/09/2025 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.
4. സ.ഉ (കൈ ) നം . 9/2026/സഹ തീയതി 26/02/2026
5. ഇ അനുമതി നം AS/COP/25/49775 Subsidy ,AS/COP/25/49776 Share , AS/COP/25/ 49777 Loan

**<u>ഉത്തരവ്</u>**

മറയൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 2022 ന് മറയൂരിലെ കരിമ്പ് കൃഷിയിൽ ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട്, ഉയർന്ന ഗുണ നിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും, കൃത്യമായ വളപ്രയോഗം, സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പാക്കിംഗ്, ആധുനിക രീതിയിലുള്ള മാർക്കറ്റിംഗ്, ഇ-കൊമേഴ്സ് സാധ്യതയുടെ പ്രയോജനപ്പെടുത്തൽ എന്നിവ നടപ്പിലാക്കുന്നതിനുള്ള പ്രോജക്ടിനായി “സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി” പ്രകാരം ചുവടെ വിവരിക്കും പ്രകാരം ധനസഹായം

അനുവദിക്കുന്നതിന് പരാമർശം (1,2) എന്നിവ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ പരാമർശം (3) പ്രകാരം അംഗീകരിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു -

| **ഇനം** | **ശീർഷകം** | **2023-24 ബഡ്ജറ്റ് വിഹിതത്തിൽ വകയിരുത്തിയിട്ടുള്ള തുക (ലക്ഷത്തിൽ)** | **ശുപാർശ ചെയ്യുന്ന തുക (ലക്ഷം)** |
|---|---|---|---|
| സബ്സിഡി | **2425-107-59** | **1440.00** | **15,56,395.00** |
| ഓഹരി | **4425-107-79** | **1260.00** | **46,69,187.00** |
| വായ്പ | **6425-107-68** | **300.00** | **77,81,978.00** |
| ആകെ | | **3000.00** | **1,40,07,560.00** (നൂറ്റി നാൽപ്പത് ലക്ഷത്തി ഏഴായിരത്തി അഞ്ഞൂറ്റി അറുപത് രൂപ മാത്രം) |

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശയുടെയും, 25/09/2025 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, മറയൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 2022 ന് മറയൂരിലെ കരിമ്പ് കൃഷിയിൽ ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട്, ഉയർന്ന ഗുണ നിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും, കൃത്യമായ വളപ്രയോഗം, സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പാക്കിംഗ്, ആധുനിക രീതിയിലുള്ള മാർക്കറ്റിംഗ്, ഇ-കൊമേഴ്സ് സാധ്യതയുടെ പ്രയോജനപ്പെടുത്തൽ എന്നിവ നടപ്പിലാക്കുന്നതിനുള്ള പ്രോജക്ടിനായി "സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" പ്രകാരം മുൻ ഖണ്ഡികയിൽ വിവരിക്കും പ്രകാരമുള്ള ധനസഹായം 2025-26സാമ്പത്തികവർഷത്തിൽ അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഹസീന പി. എസ്

ജോയിന്റ് സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/183/2025/ധന)

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി (ബി3/210/2025/സഹ)

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 13-03-2026 14:25:44

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.